"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

100% കേന്ദ്രാവിഷ്കൃത പദ്ധതിയായ Scheme for care and support to victims under 4 & 6 of POSCO Act 2012 വനിത വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ഭാഗമാക്കിക്കൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കിയും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ പദ്ധതി നടത്തിപ്പിനുള്ള Single Nodal Agency ആയി designate ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.261/2025/WCDD തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-

1. Scheme for care and support to victims under 4 & 6 of POSCO Act 2012 ന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖ
2. വനിത ശിശു വികസന ഡയറക്ടറുടെ 03-12-2024 തീയതിയിലെ DWCD/5053/2024-ICPS 10 നമ്പർ കത്ത്
3. GO(Rt)No.1597/2025/Fin തീയതി 19-02-2025 ഉത്തരവ്

**<u>ഉത്തരവ്</u>**

ലൈംഗീക അതിക്രമങ്ങളെ അതിജീവിച്ച കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും, 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനും 18 വയസ്സിനു ശേഷം ആഫ്റ്റർ കെയർ ആവശ്യമെങ്കിൽ നൽകുന്നതിനും, കുട്ടികൾക്ക് കൗൺസലിംഗ്, ആവശ്യമായ വിദ്യാഭ്യാസം, തൊഴിൽ വൈദഗ്ധ്യം ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ നൽകുന്നതിനും വേണ്ടി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ Scheme for care and support to victims under 4 & 6 of POSCO Act 2012, വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ചൈൽഡ് പ്രോട്ടക്ഷൻ സൊസൈറ്റിയുടെ ഭാഗമാക്കിക്കൊണ്ട്, പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ പദ്ധതി നടത്തിപ്പിനുള്ള Single Nodal Agency ആയി designate ചെയ്യുന്നതിനും അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) പൂർണ്ണമായും കേന്ദ്ര വിഹിതത്തോടെ Scheme for care and support to victims under 4 & 6 of POSCO Act, 2012 ആവിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ (സംസ്ഥാനത്ത് ആയത് നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയ്ക്കും 10 ലക്ഷം രൂപ വീതം ആകെ 1,40,00,000/-രൂപയാണ് പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായിട്ടുള്ളത്.) നടപ്പ് സാമ്പത്തിക വർഷം ആയതിനുള്ള അനുമതി പ്രൊജക്റ്റ് അപ്പ്രൂവൽ ബോർഡിൽ നിന്നും ലഭ്യമാക്കുകയും പദ്ധതിയ്ക്കായി പ്രത്യേക ബജറ്റ് ശീർഷകം ആരംഭിക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം കണക്കിലെടുത്ത്

പ്രസ്തുത പദ്ധതിക്കായി പരാമർശം (3) പ്രകാരം പുതിയ ശീർഷകം അനുവദിച്ചും ഉത്തരവായിരുന്നു.

3) ലൈംഗീക അതിക്രമങ്ങളെ അതിജീവിച്ച കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും, 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനും 18 വയസ്സിനു ശേഷം ആഫ്റ്റർ കെയർ ആവശ്യമെങ്കിൽ നൽകുന്നതിനും, കുട്ടികൾക്ക് കൗൺസലിംഗ്, മറ്റും നൽകുന്നതിനും, ആവശ്യമായ വിദ്യാഭ്യാസം, തൊഴിൽ വൈദഗ്ധ്യം ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ നൽകുന്നതിനും വേണ്ടിയുള്ള 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ Scheme for care and support to victims under 4 & 6 of POSCO Act 2012 വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ചൈൽഡ് പ്രോട്ടക്ഷൻ സൊസൈറ്റിയുടെ ഭാഗമാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു അനുമതി നൽകിയും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള Single Nodal Agency ആയി designate ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (WCD-1/14/2025-FIN(E:3031336) )
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Hena. R Raj**
**Date: 05-06-2025 21:20:23**
സെക്ഷൻ ഓഫീസർ